(ബി) മത്സ്യബന്ധനഇറമുഖം നിശ്ചിത സമയ പരിധിയിൽ പൂർത്തിയാകാതിരുന്നതിനുള്ള കാരണങ്ങൾ താഴെപ്പറയുന്നവയാണ്.

(1) മണൽ ഡ്രഡ്ജിംഗ് 12-7-2013-ന് ആരംഭിച്ചുവെങ്കിലും മത്സ്യതൊഴിലാളികളും, പ്രദേശവാസികളും ആയത് തടസ്സപ്പെടുത്തിയതിനാൽ നിർത്തിവച്ചു. പിന്നീട് കളക്ടറുടെ അദ്ധ്യക്ഷതയിൽ ഇ - മണൽ സംവിധാനം വഴി 2015 മേയ് 30 വരെ മണൽ നീക്കം ചെയ്യുവാൻ ബാക്കി മണൽ ഡ്രഡ്ജ് ചെയ്യുന്ന പ്രവൃത്തി കരാർ വച്ച് 1-6-2015-ന് ആരംഭിച്ചിട്ടുണ്ട്. ആയത് 2015 ജൂലൈ 31 നുള്ളിൽ പൂർത്തീകരിക്കുന്നതാണ്.

(2) വാർഫുകൾ, ലേലപ്പുര എന്നിവയുടെ നിർമ്മാണത്തിനായി 3 പ്രാവശ്യം പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടർ ക്ഷണിക്കേണ്ടിവന്നു. (19-10-2010, 31-1-2011, 27-6-2012 എന്നീ തീയതികളിലാണ് ടെണ്ടർ ക്ഷണിച്ചത്) മൂന്നാമത് നടത്തിയ ടെണ്ടർ പ്രകാരമാണ് ടി പ്രവൃത്തി ഏർപ്പാടാക്കാൻ സാധിച്ചത്.

(3) പാർക്കിംഗ് ഏരിയ, അപ്രോച്ച് റോഡ് എന്നിവയുടെ നിർമ്മാണം നടന്നുവരുന്നു. അപ്രോച്ച് റോഡിന്റെ ടാറിംഗ് ഒഴികെ മറ്റെല്ലാ പ്രവൃത്തികളും ജൂലൈ 31-നുള്ളിൽ പൂർത്തീകരിക്കുന്നതാണ്.

(സി) ഇനിയും പൂർത്തിയാക്കുവാനുള്ള പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ട്രോളിംഗ് നിരോധന ആനുകൂല്യം

149 (153) ശ്രീ. പി. കെ. ഗുരുദാസൻ : താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

ട്രോളിംഗ് നിരോധന സമയത്ത് മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന പഞ്ചമാസ ആനുകൂല്യം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

പഞ്ചമാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് നൽകിയിരുന്ന ആശ്വാസ ധനയായ 1800 രൂപ 2015-16 സാമ്പത്തിക വർഷം മുതൽ 2700 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly